No. CEE/5454/2018/KEAM-2019/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ 2019 സ്കോർ പ്രസിദ്ധീകരിച്ചു

2019 മെയ് 2, 3 തീയതികളിൽ നടന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച സ്കോർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ രണ്ടു പേപ്പറുകളും എഴുതിയ **73437** വിദ്യാർത്ഥികളിൽ **51665** വിദ്യാർത്ഥികളും ഫാർമസി പ്രവേശന പരീക്ഷ (എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ഒന്നാം പേപ്പർ) എഴുതിയ **56307** വിദ്യാർത്ഥികളിൽ **39908** വിദ്യാർത്ഥികളും യോഗ്യത നേടിയിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ ഏതെങ്കിലും ഒരു പേപ്പർ എഴുതാത്തവരും, ഓരോ പേപ്പറിനും കുറഞ്ഞത് 10 മാർക്ക് ലഭിക്കാത്തവരും (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾ ഒഴികെ) എഞ്ചിനീയറിംഗ് വിഭാഗത്തിലെ ലിസ്റ്റിൽ നിന്നും ഒഴിവായിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ–1 ന്റെ സ്കോറിൽ നിന്ന് **KEAM 2019** പ്രോസ്പെക്ടസ് ക്ലോസ് 9.7.4(f) പ്രകാരം ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ 480 മാർക്കിൽ കുറഞ്ഞത് 10 ഇൻഡക്സ് മാർക്ക് നേടാത്തവർ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾ ഒഴികെ) ഫാർമസി വിഭാഗത്തിലെ ലിസ്റ്റിൽ നിന്നും ഒഴിവായിട്ടുണ്ട്. വിവിധ കാരണങ്ങളാൽ **3328** വിദ്യാർത്ഥികളുടെ എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷാഫലം തടഞ്ഞുവച്ചിട്ടുണ്ട്. ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള കാരണങ്ങൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇത്തരം വിദ്യാർത്ഥികളുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

**03.05.2019–ന്** പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക സംബന്ധമായ പരാതികൾ വിദഗ്ദ്ധ സമിതി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയ ശേഷമാണ് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുള്ളത് (വിശദാംശങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക).

എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് (പ്ലസ്ടു/ തത്തുല്യം) ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ മാർക്ക് സമർപ്പണത്തിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ പിന്നീട് ലഭ്യമാക്കുന്നതാണ്. ഓൺലൈൻ മാർക്ക് സമർപ്പണം സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മാർക്ക് ഏകീകരണത്തിനു ശേഷം തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് **2019** ജൂൺ ആദ്യ വാരം പ്രസിദ്ധപ്പെടുത്തുന്നതാണ്. **KEAM 2019** പ്രോസ്പെക്ടസ് ക്ലോസ് 9.7.4(f) പ്രകാരം കണക്കാക്കുന്ന ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഫാർമസി റാങ്ക് ലിസ്റ്റ് തയ്യാറാക്കി ജൂൺ ആദ്യ വാരം പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
21.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**